കോസ് നമ്പര്.______________________

| | | |
|---|---|---|
| സ്റ്റേറ്റ് ഓഫ് ടെക്സസ് | § | ടെക്സസ് ഫോര്ട്ട് ബെന്ഡ് |
| | § | ദേശത്തെ ____________ |
| vs. | § | നമ്പര് നിയമ പ്രകാരം കൗണ്ടി നീതിന്യായ |
| ___________________________ | § | കോടതി മുമ്പാകെ |

## നീട്ടിവയ്ക്കപ്പെട്ട വിധിനിര്ണ്ണയവും രഹസ്യശാസനയും
## DEFERRED ADJUDICATION AND NON-DISCLOSURE ADMONISHMENT

നീട്ടിവയ്ക്കപ്പെട്ട വിധിനിര്ണ്ണയത്തില് ഉള്പ്പെട്ടാല്, സമൂഹ മേല്നോട്ടത്തിലെ വ്യവസ്ഥകളുടെ ലംഘനത്തിന് താങ്കള് അറസ്റ്റ് ചെയ്യപ്പെടുകയോ ഫോര്ട്ട് ബെന്ഡ് കൗണ്ടി ജയിലില് തടവിലാക്കപ്പെടുകയോ ചെയ്യപ്പെട്ടേക്കാം. ആദ്യ കുറ്റപത്രത്തിലെ കുറ്റത്തിന്റെ വിചാരണയുമായി ബന്ധപ്പെട്ട് മുന്നോട്ടുപോകണമോ എന്നത് ജഡ്ജി തീരുമാനിക്കുന്നതിന് മാത്രമായുള്ള ഒരു വാദം കേള്ക്കലിന് താങ്കള്ക്ക് അവകാശമുണ്ടായിരിക്കുന്നതാണ്. നീട്ടിവയ്ക്കപ്പെടാത്ത കുറ്റവിചാരണയിലെ റദ്ദാക്കല് വാദത്തിന്റെ അതേ രീതിയില് തന്നെ ഈ തീരുമാനവും പുനഃപരിശോധിക്കപ്പെടാവുന്നതാണ്. കുറ്റത്തിന്റെ വിധിനിര്ണ്ണയത്തിനു ശേഷം, ശിക്ഷ കണക്കാക്കല്, വിധി പുറപ്പെടുവിക്കല്, സമൂഹ മേല്നോട്ടം അനുവദിക്കല്, താങ്കളുടെ അപ്പീല് തുടങ്ങിയ എല്ലാ നടപടിക്രമങ്ങളും കുറ്റത്തിന്റെ വിധിനിര്ണ്ണയം നീട്ടിവയ്ക്കപ്പെട്ടിട്ടില്ലാത്തത് പോലെ തുടരുന്നതാണ്.

താങ്കള് താങ്കളുടെ നീട്ടിവയ്ക്കപ്പെട്ട വിധിനിര്ണ്ണയം വിജയകരമായി പൂര്ത്തിയാക്കുകയും, താങ്കളുടെ കേസ് തള്ളുകയും ചെയ്താല്, രഹസ്യ നടപടിക്കുള്ള ഉത്തരവിനായി താങ്കള്ക്ക് കോടതിയില് ഹര്ജി ഫയല് ചെയ്യാവുന്നതാണ്. താങ്കളുടെ മുന് ക്രിമിനല് പശ്ചാത്തലവും കുറ്റവിമുക്തമായതിനു ശേഷമുള്ള താങ്കളുടെ തുടര്ച്ചയായ നിയമവിധേയത്വ സ്വഭാവവും അടിസ്ഥാനമാക്കി, ഹര്ജി താങ്കള്ക്ക് ഉടന് തന്നെയോ രണ്ടു വര്ഷത്തിനു ശേഷമോ ഫയല് ചെയ്യാവുന്നതാണ്. ചില സന്ദര്ഭങ്ങളില് താങ്കള്ക്ക് ഹര്ജി ഫയല് ചെയ്യാന് സാധിക്കുന്നതല്ല. രഹസ്യ നടപടിക്കുള്ള ഒരു ഹര്ജി ഫയല് ചെയ്യുന്നത്, കോടതി ടി ഹര്ജി അനുവദിക്കും എന്നുള്ള ഉറപ്പല്ല.

| | |
|---|---|
| ______________________________ | ______________________________ |
| അദ്ധ്യക്ഷനായ ജഡ്ജി | തീയതി |

## പ്രതിയുടെ അംഗീകരിക്കല്

എനിക്കെതിരെയുള്ള കുറ്റങ്ങളെക്കുറിച്ചും ശിക്ഷയുടെ വ്യാപ്തിയെ കുറിച്ചും എന്റെ നീട്ടിവയ്ക്കപ്പെട്ട വിധിനിര്ണ്ണയത്തിലെ ഒന്നോ അതിലധികമോ വ്യവസ്ഥകള് ലംഘിക്കപ്പെട്ടാല് ഉണ്ടാകാവുന്ന പരിണിതഫലങ്ങളെ കുറിച്ചും കോടതി എന്നെ അറിയിച്ചിരുന്നു. ഞാന് എന്റെ നീട്ടിവയ്ക്കപ്പെട്ട വിധിനിര്ണ്ണയം വിജയകരമായി പൂര്ത്തിയാക്കിയാല് രഹസ്യ നടപടിക്കുള്ള ഹര്ജി ഫയല് ചെയ്യാന് എനിക്ക് യോഗ്യതയുണ്ടായിരിക്കുമെന്നുള്ളതും കോടതി അറിയിച്ചിരുന്നു.

| | |
|---|---|
| ______________________________ | ______________________________ |
| പ്രതി | തീയതി |

ഈ പത്രം ഇംഗ്ലീഷില് നിന്നും പദാനുപദം _________________________ലേക്ക് _________________________വിവര്ത്തനം ചെയ്തിരിക്കുന്നു.

| | |
|---|---|
| ചെയ്തത്______________________________ | ______________________________ |
| ദ്വിഭാഷിയുടെ പേര് (ദയവായി അച്ചടിക്കുക) | ദ്വിഭാഷിയുടെ ഒപ്പ് |